പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4787 — 05.02.2014 ലെ മറുപടിയ്ക്ക്

**കർഷക ആത്മഹത്യ തടയാൻ നടപടി**

ചോദ്യം — മറുപടി

ശ്രീ. കെ.വി.വിജയദാസ് — ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) കർഷക ആത്മഹത്യ തടയുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വയനാട് ജില്ലയിലാണ് കർഷക ആത്മഹത്യ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതനുസരിച്ച് വയനാട് ജില്ലയിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കൂടാതെ നെൽകർഷകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലും നെല്ല് സംഭരണം നടത്തുന്നുണ്ട്. കേരഫെഡ്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾ വഴി കൊപ്രസംഭരണവും പച്ചത്തേങ്ങ സംഭരണവും നടത്തി വരുന്നുണ്ട്. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ യഥാസമയം വാണിജ്യബാങ്കുകളിൽ നിന്നും ലഭിക്കുന്നതിന് കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നുണ്ട്. കർഷകക്ഷേമത്തിനായി കർഷക പെൻഷൻ പദ്ധതി, വിളകൾക്ക് നാശമുണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്. കൃഷി വകുപ്പ് മുഖേനയും ത്രിതല പഞ്ചായത്ത് മുഖേനയും നടപ്പിലാക്കുന്ന കാർഷിക പദ്ധതികൾക്ക് ഉല്പാദനോപാധികൾ നൽകുകയും, സബ്സിഡിയിനത്തിൽ ലഭിക്കുവാനുള്ള തുക ബാങ്ക് അക്കൗണ്ട് വഴി കർഷകർക്ക് എത്തിക്കുകയും ചെയ്യുന്നുണ്ട്. കീട/രോഗബാധ മൂലം കൃഷി നാശമുണ്ടാകുന്ന അവസരത്തിൽ സമയബന്ധിതമായി കീട/രോഗ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷക ആത്മഹത്യകൾ നടന്നുവെന്നുള്ള കണക്ക് ലഭ്യമാക്കുമോ; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 52 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | - |

| | |
|---|---|
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 2 |
| കോട്ടയം | - |
| എറണാകുളം | - |
| ഇടുക്കി | - |
| തൃശ്ശൂർ | 2 |
| പാലക്കാട് | 9 |
| മലപ്പുറം | - |
| കോഴിക്കോട് | 1 |
| വയനാട് | 26 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 3 |
| **ആകെ** | **52** |

സെക്ഷൻ ഓഫീസർ .

## അനുബന്ധം

വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി സംബന്ധിച്ച് കാർഷികോല്പാദന കമ്മീഷണർ നൽകിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. 15.12.2011 ലെ ജി.ഒ(എംഎസ്) നം.451/11/റവ, 16.12.2011 ലെ ജി.ഒ(എംഎസ്) നം.453/ 11/റവ എന്നീ ഉത്തരവുകൾ പ്രകാരം ഹൗസിംഗ് ബോർഡ്, കോ- ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ബാക്ക്‌വേഡ് ക്ലാസ്സസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ എന്നിവ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ടി കടങ്ങൾക്കുള്ള പിഴപ്പലിശ ഒഴിവാക്കിക്കൊണ്ടും എന്നാൽ കൃത്യമായ തിരിച്ചടവിന് പലിശയിനത്തിൽ അടച്ചിട്ടുള്ള തുകയിൽ 10% കിഴിവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
2. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ഒരു പ്രത്യേക യോഗം 23.11.11 ന് വിളിച്ചുചേർക്കുകയും യോഗതീരുമാനമനുസരിച്ച് 30.12.2011 ലെ ജി.ഒ(എംഎസ്) നം.279/2011/കൃഷി ഉത്തരവ് പ്രകാരം വയനാട് ജില്ലയെ കാർഷിക ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധി മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കും ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്കും വേണ്ടി ഒരു ബാങ്കേഴ്സ് പാക്കേജ് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അനുവദിച്ച് നടപ്പാക്കിയിട്ടുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകർ കാർഷിക വിളകളെ അടിസ്ഥാനപ്പെടുത്തി എടുത്തിട്ടുള്ള വായ്പകൾക്ക് വാണിജ്യ ബാങ്കുകൾ 30.12.2011 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം ഉൾപ്പെടെ വിവിധ നടപടികൾ എടുത്തിട്ടുണ്ട്.
3. വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള മുഴുവൻ കാർഷികകടങ്ങളും പരിഗണിക്കുവാൻ അധികാരപ്പെടുത്തും വിധം 2006 ലെ കേരള ഫാമേഴ്സ് ഡെബ്റ്റ് റിലീഫ് കമ്മീഷൻ ആക്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്തിട്ടുണ്ട്.
4. ജില്ലാ സഹകരണ ബാങ്കുകളും, പ്രൈമറി സഹകരണ ബാങ്കുകളും കാർഷിക വായ്പകൾ നൽകുന്നതിനായി ആവശ്യമായ റീ-ഫൈനാൻസിനുള്ള തടസ്സങ്ങൾ മാറ്റി പ്രസ്തുത സ്ഥാപനങ്ങളെ കാർഷിക വായ്പകൾ നൽകുന്നതിന് വീണ്ടും സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികളെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി നബാർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, ലാന്റ് ഡെവലപ്മെന്റ് ബാങ്കുകൾ എന്നിവയുടെ പ്രതിനിധികളുടെ ഒരു യോഗം 30.11.2011 ന് ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർക്കുകയും യോഗ തീരുമാനങ്ങളിന്മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.
5. 1958 ലെ കേരള മണി ലെൻഡേഴ്സ് ആക്ടിന്റെ ഭാഗമായി മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്.
6. 23.11.2011 ലെ ജി.ഒ(എംഎസ്) നം.255/2011/കൃഷി പ്രകാരം വയനാട് ജില്ലയിൽ നെല്ല് സംഭരണം നടത്തുവാൻ തീരുമാനിച്ചുകൊണ്ടും കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലെ അരി മില്ലുകളിലേയ്ക്ക് നെല്ല് കൊണ്ടുപോകുന്നതിനുള്ള അധിക ചെലവ് ട്രാൻസ്പോർട്ട് സബ്സിഡിയായി സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചുകൊണ്ടും ഉത്തരവാകുകയും 16.12.2011 ലെ ജി.ഒ(ആർറ്റി.) നം.2355/2011/കൃഷി ഉത്തരവ് പ്രകാരം ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 17.02.2012 ലെ സ.ഉ(എംഎസ്.) നം31/2012/കൃഷി ഉത്തരവ് പ്രകാരം നെല്ല് സംഭരണം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുമുണ്ട്.
7. 13.12.2011 ലെ ജി.ഒ(എംഎസ്) നം.272/2011/കൃഷി ഉത്തരവ് പ്രകാരം കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വയനാട് ജില്ലയുടെ ചുമതലയുള്ള പട്ടികവർഗ്ഗക്ഷേമ-യുവജനകാര്യ-മ്യൂസിയം-മൃഗശാല വകുപ്പ് മന്ത്രി അംഗമായി, കാർഷികോല്പാദന കമ്മീഷണർ കൺവീനറായി സർക്കാർ പരിപാടികളുടെ നടത്തിപ്പ് വിലയിരുത്തുന്നതിനായി സ്പെഷ്യൽ മോണിറ്ററിംഗ് സംവിധാനം ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്.
8. 22.11.2011 ലെ ജി.ഒ(എംഎസ്) നം.256/2011/കൃഷി ഉത്തരവ് പ്രകാരം പഞ്ചായത്തു തലത്തിൽ കർഷക മിത്ര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ കൃഷി ഓഫീസർ, വെറ്റിനറി ഓഫീസർ, പഞ്ചായത്ത് പ്രദേശത്തെ ഒന്നോ രണ്ടോ വോളന്ററി ഏജൻസികളുടെ പ്രതിനിധികൾ , പ്രാഥമിക സഹകരണ ബാങ്ക് പ്രസിഡന്റ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളാണ്. സമിതിയുടെ ആഭിമുഖ്യത്തിൽ കർഷകവൃത്തി, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, കാർഷികോല്പന്നങ്ങളുടെ വിലനിലവാരം എന്നിവയെക്കുറിച്ച് ആവശ്യമായ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ